**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 294** **27-06-2022 - ൽ മറുപടിയ്ക്ക്**

**റേഷൻകട ലൈസൻസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര റേഷൻ കടകൾക്കാണ് പുതുതായി അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) | 14 |
| (ബി) | പുതുതായി ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | 1) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 21 വയസ്സ് പൂർത്തിയായിരിക്കണം.<br><br>2) ലൈസൻസി മരിച്ചതിനുശേഷം അനന്തരാവകാശിക്കു ലൈസൻസ് അനുവദിക്കാൻ അപേക്ഷ സമർപ്പിക്കുന്ന വർഷ ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിരിക്കണം.<br><br>3) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 62 വയസ്സിൽ കൂടാൻ പാടില്ല.<br><br>4) കേരള ബോർഡ് ഓഫ് എക്സാമിനേഷന്റെ 10ാം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.<br><br>5) റേഷൻ കട നടത്തുന്നതിന് ലൈസൻസിക്ക് ശാരീരിക, മാനസികാരോഗ്യം ഉണ്ടായിരിക്കണം<br><br>6) അപേക്ഷ നൽകുന്ന തീയതിക്കുമുൻപ് റേഷൻ കട സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ /**വാർഡിൽ** 3 വർഷം സ്ഥിരതാമസമുണ്ടായിരിക്കണം. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണ വിഭാഗങ്ങൾക്ക് റേഷൻ കട സ്ഥിതി ചെയ്യുന്ന **താലൂക്കിൽ** സ്ഥിരതാമസം ഉണ്ടായിരിക്കണം.<br><br>7) വ്യക്തിഗത അപേക്ഷകളിൽ യോഗ്യതാ മാനദണ്ഡങ്ങൾ കണക്കാക്കുമ്പോൾ പ്രായത്തിര മുതിർന്ന അപേക്ഷകർക്കും, 10 വർഷം പരിചയ |

| | | | |
|---|---|---|---|
| | | | സമ്പന്നരായ സെയിൽസ്.മാൻമാർക്കും മുൻഗണന നൽകുന്നതാണ്. |
| (സി) | എത്ര റേഷൻ കടകളുടെ ലൈസൻസുകളാണ് ഈ കാലയളവിൽ റദ്ദ് ചെയ്തതെന്ന് വ്യക്തമാക്കാമോ; | (സി) | 198 |
| (ഡി) | ലൈസൻസുകൾ റദ്ദ് ചെയ്യാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | 1) ലൈസൻസികൾ മരണപ്പെടുക.<br>2) പ്രായാധിക്യംമൂലം റേഷൻകട തുടർന്ന് നടത്തുവാൻ കഴിയാതാവുക.<br>3) അനന്തരാവകാശികൾക്ക് റേഷൻകട തുടർന്ന് നടത്താൽ താൽപ്പര്യമില്ലാത്തതും, താൽപ്പര്യമുള്ളവർക്ക് എല്ലാ അനന്തരാവകാശികളും സമ്മതപത്രം നൽകാതിരിക്കുകയും ചെയ്യുക.<br>4) ലൈസൻസി രാജിവച്ച കടകൾ.<br>5) ഗുരുതരമായ ക്രമക്കേടുകളിൽ ശിക്ഷിക്കപ്പെടുക. |

സെക്ഷൻ ഓഫീസർ